Australian Human Rights Commission
everyone, everywhere, everyday

# ഒരു പരാതി നൽകൽ

നിയമവിരുദ്ധമായ ലൈംഗികത, വംശം, വൈകല്യം, പ്രായ വിവേചനം, ILO III വിവേചനം, മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ അന്വേഷിച്ച് പരിഹരിക്കുന്ന ഒരു സ്വതന്ത്ര സ്ഥാപനമാണ് Australian Human Rights Commission.

## എന്തിനെ കുറിച്ചാണ് നിങ്ങൾക്ക് ഞങ്ങളോട് പരാതിപ്പെടാൻ കഴിയുക

- ***ലൈംഗിക വിവേചനത്തിൽ*** ലൈംഗികത, ലിംഗ വ്യക്തിത്വം, ഇന്റർസെക്സ് നില, ഗർഭം, വൈവാഹികമോ അല്ലാത്തതോ ആയ നില, മുലയൂട്ടൽ, കുടുംബ ഉത്തരവാദിത്തങ്ങൾ, ലൈംഗിക ആഭിമുഖ്യം എന്നിവ അടിസ്ഥാനമാക്കിയുള്ള ലൈംഗിക പീഡനവും വിവേചനവും ഉൾപ്പെടുന്നു.
- ***വൈകല്യ വിവേചനത്തിൽ*** ശാരീരികമായും ബൗദ്ധിമായും സംവേദനപരമായും പഠനപരമായും മാനസിമായുമുള്ള വൈകല്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവേചനം ഉൾപ്പെടുന്നു; രോഗങ്ങൾ അല്ലെങ്കിൽ അസുഖങ്ങൾ; മെഡിക്കൽ അവസ്ഥ; ജോലി സംബന്ധമായുണ്ടായ പരിക്കുകൾ; ഭൂതകാലത്തും, വർത്തമാനകാലത്തും, ഭാവിയിലും ഉണ്ടായതും ഉണ്ടാകുന്നതുമായ വൈകല്യങ്ങൾ; വൈകല്യത്തിനുള്ള സഹായങ്ങൾ; സഹായ മൃഗങ്ങളും വൈകല്യമുള്ള ഒരു വ്യക്തിയുള്ള കൂട്ടുകെട്ട് എന്നിവയും ഉൾപ്പെടുന്നു.
- ***വർഗ്ഗ വിവേചനത്തിൽ*** വംശം, നിറം, വംശാവലി, ദേശീയമോ വംശീയമോ ആയ ഉത്ഭവം, കുടിയേറ്റ നില എന്നിവ അടിസ്ഥാനമാക്കിയുള്ള വംശീയ വിദ്വേഷവും വിവേചനവും ഉൾപ്പെടുന്നു.
- ***പ്രായ വിവേചനത്തിൽ*** വളരെ ചെറുപ്പമോ പ്രായമോ ആണെന്നതിനെ അടിസ്ഥാനമാക്കിയുള്ള വിവേചനം ഉൾപ്പെടുന്നു.
- ***ILO III വിവേചനത്തിൽ*** മതം, ക്രിമിനൽ ചരിത്രം, ട്രേഡ് യൂണിയൻ പ്രവർത്തനം, രാഷ്ട്രീയ കാഴ്ചപ്പാട്, സാമൂഹിക ഉത്ഭവം എന്നിവ അടിസ്ഥാനമാക്കിയുള്ള തൊഴിൽ വിവേചനം ഉൾപ്പെടുന്നു.
- ***മനുഷ്യാവകാശങ്ങളിൽ*** സിവിൽ, രാഷ്ട്രീയ അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടി, കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച കൺവെൻഷൻ, വൈകല്യമുള്ള വ്യക്തികളുടെ അവകാശങ്ങൾക്കായുള്ള ഉടമ്പടി എന്നിവ പോലുള്ള നിർദ്ദിഷ്ട അന്താരാഷ്ട്ര മനുഷ്യാവകാശ ഉപകരണങ്ങൾ ലംഘിക്കുന്നതായി Commonwealth-ത്തിന്റെ (കോമൺവെൽത്ത്) പേരിലുള്ള ആരോപണങ്ങൾ ഉൾപ്പെടുന്നു.

നിങ്ങൾ ഓസ്ട്രേലിയയിൽ എവിടെയായിരുന്നാലും ഒരു പരാതി നൽകാം, പരാതി നൽകാൻ ചെലവ് ഒന്നും വഹിക്കേണ്ടതില്ല. പരാതി പ്രക്രിയയിലെ ഘട്ടങ്ങൾ ചുവടെ വിശദമായി നൽകിയിട്ടുണ്ട്.

## ഒരു അന്വേഷണം നടത്തുക

- നിങ്ങൾക്ക് എന്തെങ്കിലും പരാതി നൽകാൻ കഴിയുമോ ഇല്ലയോ എന്ന് നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ, നിങ്ങൾക്ക് കമ്മീഷന്റെ ദേശീയ വിവര സേവനവുമായി ഫോണിലൂടെ **1300 656 419** എന്ന നമ്പറിലോ ഇമെയിലിലൂടെ infoservice@humanrights.gov.au എന്ന വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്
- ഈ പ്രക്രിയ ആരംഭിക്കൻ നിങ്ങൾക്ക് ഒരു പരാതി ഫോം അയച്ച് നൽകാൻ ഞങ്ങൾക്ക് കഴിയും.
- ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയുന്നില്ലെങ്കിൽ, സഹായിക്കാൻ കഴിയുന്ന ഒരാളിലേക്ക് നിങ്ങളെ റഫർ ചെയ്യാൻ ഞങ്ങൾ ശ്രമിക്കും.

## ഒരു പരാതി നൽകുക

- ഒരു പരാതി രേഖാമൂലം നൽകിയിരിക്കണം. നിങ്ങൾക്ക് ഒരു പരാതി ഫോം പൂരിപ്പിച്ച് പോസ്റ്റ് ചെയ്യുകയോ ഫാക്സ് ചെയ്യുകയോ ചെയ്യാം അല്ലെങ്കിൽ ഞങ്ങളുടെ www.humanrights.gov.au വെബ്സൈറ്റിൽ ഓൺലൈനായി പരാതി നൽകാം.

- നിങ്ങൾക്ക് ഇഷ്ടമുള്ള ഭാഷയിൽ ഒരു പരാതി നൽകാം, ആവശ്യമെങ്കിൽ നിങ്ങളുടെ പരാതി എഴുതാൻ ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാനാകും.

- പരാതി നൽകാൻ നിങ്ങൾക്ക് ഒരു അഭിഭാഷകന്റെ ആവശ്യമില്ല.

- നിങ്ങളുടെ പരാതി കൈകാര്യം ചെയ്യാൻ ഞങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, അത് എന്ത് കൊണ്ടെന്ന് ഞങ്ങൾ വിശദീകരിക്കും.

## അന്വേഷണം

- നിങ്ങളുടെ പരാതിയെക്കുറിച്ച് സംസാരിക്കാൻ ഞങ്ങൾ നിങ്ങളെ ബന്ധപ്പെടും, ഒപ്പം കൂടുതൽ വിവരങ്ങൾ നൽകാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം.

- സാധാരണയായി, കമ്മീഷൻ നിങ്ങൾ പരാതിപ്പെടുന്ന വ്യക്തിയുമായോ സ്ഥാപനവുമായോ ബന്ധപ്പെടുകയും നിങ്ങളുടെ പരാതിയുടെ ഒരു പകർപ്പ് അവർക്ക് നൽകുകയും ചെയ്യും. നിങ്ങളുടെ പരാതി സംബന്ധിച്ച് നിർദ്ദിഷ്ട വിവരങ്ങളും കൂടാതെ/അല്ലെങ്കിൽ ഒരു പ്രതികരണവും നൽകാൻ ഞങ്ങൾ അവരോട് ആവശ്യപ്പെട്ടേക്കാം. നിങ്ങളുടെ പരാതിക്ക് മറുപടിയായി കമ്മീഷന് നൽകിയിട്ടുള്ള വിവരങ്ങളിൽ, നിങ്ങളെക്കുറിച്ചുള്ള മർമ്മപ്രധാനമായ ആയ വിവരങ്ങൾ ഉൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങൾ അടങ്ങിയിരിക്കാം.

- ചില സാഹചര്യങ്ങളിൽ, നിങ്ങളുടെ പരാതി കൈകാര്യം ചെയ്യുന്നത് തുടരേണ്ടതില്ലെന്ന് ഞങ്ങൾ തീരുമാനിച്ചേക്കാം. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ, അത് എന്ത് കൊണ്ടെന്ന് ഞങ്ങൾ നിങ്ങളോട് വിശദീകരിക്കും.

- അനുരഞ്ജനത്തിലൂടെ പരാതി പരിഹരിക്കാൻ ശ്രമിക്കുന്നതിനെക്കുറിച്ച് ഞങ്ങൾ നിങ്ങളോട് സംസാരിച്ചേക്കാം.

## അനുരഞ്ജനം

- നിങ്ങളും നിങ്ങൾ പരാതിപ്പെടുന്ന വ്യക്തിയോ സ്ഥാപനമോ തമ്മിലുള്ള പ്രശ്നത്തിന് ഒരു പരിഹാര മാർഗം കണ്ടെത്താൻ ഞങ്ങൾ സഹായിക്കാൻ ശ്രമിക്കും എന്നാണ് അനുരഞ്ജനം കൊണ്ട് അർത്ഥമാക്കുന്നത്.

- മുഖാമുഖമുള്ള ഒരു 'അനുരഞ്ജന കൂടിക്കാഴ്ചയിലൂടെയോ' അല്ലെങ്കിൽ ഒരു ടെലിഫോൺ കൂടിക്കാഴ്ചയിലൂടെയോ അനുരഞ്ജന ചർച്ച നടക്കാം. ചില സാഹചര്യങ്ങളിൽ, ഇമെയിലുകൾ കൈമാറിയും കൺസിലിയേറ്ററുമായുള്ള (അനുരഞ്ജന ചർച്ച നടത്തുന്ന വ്യക്തി) സംഭാഷണങ്ങളിലൂടെയും പരാതികൾ പരിഹരിക്കാനാകും.

- പരാതികൾ പലവിധത്തിൽ പരിഹരിക്കാനാകും. ഉദാഹരണത്തിന്, ഒരു ക്ഷമാപണത്തിലൂടെയോ, നയത്തിൽ മാറ്റം വരുത്തിയോ അല്ലെങ്കിൽ നഷ്ടപരിഹാരം നൽകിയോ പരാതികൾ പരിഹരിക്കാം.

## സാധ്യമായ കോടതി നടപടി – ലൈംഗികത, വൈകല്യം, വംശം, പ്രായ എന്നിവ സംബന്ധിച്ച വിവേചനം

- നിയമവിരുദ്ധമായ വിവേചനം നടന്നിട്ടുണ്ടോ എന്ന് തീരുമാനിക്കാൻ കമ്മീഷന് അധികാരമില്ല.

- നിങ്ങളുടെ പരാതി പരിഹരിച്ചില്ലെങ്കിലോ മറ്റേതെങ്കിലും കാരണത്താൽ നിർത്തലാക്കിയെങ്കിലോ, നിങ്ങൾക്ക് വിഷയം കോടതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞേക്കും. നിയമവിരുദ്ധമായ വിവേചനം നടന്നിട്ടുണ്ടോ എന്ന് കോടതിക്ക് തീരുമാനിക്കാം.

- Federal Circuit Court of Australia-യിലേക്കോ (ഫെഡറൽ സർക്യൂട്ട് കോർട്ട് ഓഫ് ആസ്ട്രേലിയ) Federal Court of Australia-യിലേക്കോ (ഫെഡറൽ കോർട്ട് ഓഫ് ആസ്ട്രേലിയ) ഒരു അപേക്ഷ നൽകുന്നതിന് കമ്മീഷൻ പരാതി അവസാനിപ്പിച്ച ദിവസം മുതൽ 60 ദിവസം വരെ നിങ്ങൾക്ക് സമയമുണ്ട്.
- കമ്മീഷന് ഈ വിഷയം നിങ്ങൾക്കായി കോടതിയിൽ കൊണ്ടുപോകാനോ നിങ്ങളുടെ കേസ് കോടതിയിൽ അവതരിപ്പിക്കാൻ സഹായിക്കാനോ കഴിയില്ല.
- നിങ്ങൾക്ക് കോടതിയിൽ പോകണമെങ്കിൽ ഒരു അഭിഭാഷകനുമായോ ലീഗൽ സർവീസുമായോ നിങ്ങൾ സംസാരിക്കേണ്ടതുണ്ട്.

## **തീരുമാനം/റിപ്പോർട്ട് - ILO** III വിവേചനവും മനുഷ്യാവകാശവും

- മറ്റേതെങ്കിലും കാരണത്താൽ പരാതി പരിഹരിക്കുകയോ നിർത്തലാക്കുകയോ ചെയ്തില്ലെങ്കിൽ, ILO III വിവേചനമോ മനുഷ്യാവകാശ ലംഘനമോ ഉണ്ടോ എന്ന് കമ്മീഷന്റെ പ്രസിഡന്റിന് തീരുമാനിക്കാം.
- വിവേചനമോ മനുഷ്യാവകാശ ലംഘനമോ ഉണ്ടായതായി പ്രസിഡന്റിന് ബോധ്യപ്പെടുകയാണെങ്കിൽ, പ്രസിഡന്റ് ആ വിവരം Federal Attorney-General-ന് (ഫെഡറൽ അറ്റോർണി ജനറൽ) റിപ്പോർട്ട് ചെയ്തേക്കും. ഒരു വ്യക്തി അനുഭവിച്ച നഷ്ടത്തിനും പരിക്കിനും നഷ്ടപരിഹാരം നൽകാൻ പ്രസിഡന്റിന് റിപ്പോർട്ടിൽ ശുപാർശ ചെയ്യാൻ കഴിയും. റിപ്പോർട്ട് പാർലമെന്റിൽ വയ്ക്കാൻ സാധ്യതയുണ്ട്.
- വിവേചനത്തെയും മനുഷ്യാവകാശത്തെയും കുറിച്ചുള്ള പ്രസിഡന്റിന്റെ തീരുമാനങ്ങളുടെ ഉദാഹരണങ്ങൾ http://www.humanrights.gov.au/publications/reports-minister-under-ahrc-act എന്ന കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

## എവിടെ നിന്നാണ് എനിക്ക് കൂടുതൽ വിവരങ്ങൾ ലഭിക്കുക?

Australian Human Rights Commission-നെ ബന്ധപ്പെടുന്നതിനുള്ള വിവരങ്ങൾ ഇവിടെ ലഭ്യമാണ്:

**ടെലിഫോൺ**
National Information Service (നാഷണൽ ഇൻഫർമേഷൻ സർവീസ്): 1300 656 419
TTY (ടിടിവൈ): 1800 620 241
NRS (എൻആർഎസ്) 133 677
ഫാക്സ്: (02) 9284 9611

നിങ്ങൾക്ക് ഒരു ദ്വിഭാഷിയുടെ സഹായം ആവശ്യമുണ്ടെങ്കിൽ **131 450** എന്ന നമ്പറിൽ വിളിച്ച് Australian Human Rights Commission-മായി ബന്ധപ്പെടാൻ ആവശ്യപ്പെടാം.

നിങ്ങൾ ബധിരനോ ശ്രവണ വൈകല്യമുള്ള ആളോ ആണെങ്കിൽ 1800 620 241 എന്ന നമ്പറിൽ TTY-യിലൂടെ ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്. നിങ്ങൾ ബധിരനോ ശ്രവണ വൈകല്യമുള്ള ആളോ ആണെങ്കിൽ 133 677 എന്ന നമ്പറിൽ National Relay Service (നാഷണൽ റിലേ സർവീസ്) (NRS) വഴി നിങ്ങൾക്ക് ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്. നിങ്ങൾക്ക് ഒരു ഓസ്‌ലാൻ വിവർത്തകനെ ആവശ്യമുണ്ടെങ്കിൽ, ഞങ്ങൾക്ക് ഇതിന് സൗകര്യം ഒരുക്കാൻ കഴിയുന്നതാണ്.

നിങ്ങൾ അന്ധനോ കാഴ്ചാ വൈകല്യമുള്ള ആളോ ആളാണെങ്കിൽ, അഭ്യർത്ഥന അനുസരിച്ച് ഇതര ഫോർമാറ്റുകളിൽ വിവരങ്ങൾ നൽകാൻ ഞങ്ങൾക്ക് കഴിയും.

**പോസ്റ്റ്**

GPO Box 5218
Sydney NSW 2001

**ഓൺലൈൻ**
ഇമെയിൽ infoservice@humanrights.gov.au
വെബ്സൈറ്റ്: www.humanrights.gov.au

ഒരു ഓൺലൈൻ പരാതി നൽകാൻ
http://www.humanrights.gov.au/complaints/lodging-your-complaint എന്നതിലേക്ക് പോയി നിങ്ങൾക്ക് അത് ചെയ്യാവുന്നതാണ്.

## പൊതുവായ നിയമോപദേശം

നിങ്ങൾ ഒരു പരാതി നൽകുന്നതിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, നിങ്ങൾ നിയമോപദേശം തേടാവുന്നതാണ്. വിവേചനത്തെ കുറിച്ചും പീഡനത്തെ കുറിച്ചും സൗജന്യ ഉപദേശം നൽകാൻ കഴിയുന്ന Community legal services (കമ്മ്യൂണിറ്റി ലീഗൽ സർവീസസ്) ലഭ്യമാണ്.

ഒരു Legal Aid body-യെയോ (ലീഗൽ എയിഡ് ബോഡി) (https://www.nationallegalaid.org/for-individuals/) നിങ്ങളുടെ ഏറ്റവും അടുത്തുള്ള കമ്മ്യൂണിറ്റി ലീഗൽ സെന്ററിനെയോ (www.naclc.org.au/directory) നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.

**നിരാകരണം: ഈ വസ്തുതാ പത്രത്തിലെ വിവരങ്ങൾ ഒരു ഗൈഡായി മാത്രം ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇത് നിയമോപദേശത്തിന് പകരമാവില്ല.**